**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1624** **01-07-2026-ൽ മറുപടിയ്ക്ക്**

**ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നത് സംബന്ധിച്ച്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനമെടുത്ത യോഗത്തിന്റെ മിനിറ്റ്സിൽ നഗരസഭ സെക്രട്ടറി തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനത്തിനെതിരെ നഗരസഭ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 57 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. കൂടാതെ ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കണമെന്ന് ബഹു.ഗുരുവായൂർ എം.എൽ.എ സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു. ആയതും സർക്കാരിൽ പരിശോധിച്ചു വരുന്നു.

**(ബി)** ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ?

**മറുപടി:** ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനത്തിനെതിരെ നഗരസഭ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 57 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. കൂടാതെ ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കണമെന്ന് ബഹു.ഗുരുവായൂർ എം.എൽ.എ സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു. ആയതും സർക്കാരിൽ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**